# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3476** 08.11.2019 -ലെ മറുപടിയ്ക്ക്

**ഭിന്നശേഷിക്കാരുടെ ഉന്നതവിദ്യാഭ്യാസം,ഗവേഷണം എന്നിവ ലക്ഷ്യമിട്ട് സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള നടപടികൾ**

*ചോദ്യം* *ഉത്തരം*

**ശ്രീ. കെ.എൻ.എ ഖാദർ**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നതവിദ്യാഭ്യാസം, ഗവേഷണം എന്നിവ ലക്ഷ്യമിട്ട് ഒരു സർവ്വകലാശാല രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്; ഭിന്നശേഷിക്കാരുടെ ഉന്നതവിദ്യാഭ്യാസം ഗവേഷണം എന്നിവ ലക്ഷ്യമിട്ട് നിഷിനെ ഒരു സർവ്വകലാശാലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സാമൂഹ്യ നീതി വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്. 2015-16 ലെ കേന്ദ്ര ബജറ്റിൽ നിഷിനെ നാഷണൽ യൂണിവേഴ്സിറ്റി ഫോർ റീഹാബിലിറ്റേഷൻ ആൻഡ് ഡിസെബിലിറ്റി സ്റ്റഡീസ് (NURDS) ആയി ഉയർത്തുന്നതിനുള്ള പ്രഖ്യാപനം നടത്തുകയും കേരള സർക്കാർ അതിനുള്ള സമ്മതം അറിയിക്കുകയും ചെയ്തു. അതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും തുടർനടപടികൾ ഉണ്ടായില്ല.<br>അതേത്തുടർന്ന് നിഷിനെ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി തയ്യാറാക്കിയ കരട് ബില്ലിന്റെ സൂക്ഷ്മ പരിശോധനയ്ക്കും പുതുക്കലിനും വേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ 04/10/2019 ലെ GO(Rt) No. 639/2019/SJD പ്രകാരം നിയോഗിക്കുകയുണ്ടായി.<br>പ്രസ്തുത കമ്മിറ്റിയുടെ പ്രഥമ യോഗം 18.10.2019 തീയതിയിൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ടി |

| | | | |
|---|---|---|---|
| | | | യോഗത്തിൽ നിഷിനെ സർവ്വകലാശാലയാക്കുന്നത് ഘട്ടം ഘട്ടമായി നടത്തുന്നതിനും ആദ്യഘട്ടമായി disabled മേഖലയിലെ ഒരു അതോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയെന്നും സർവ്വകലാശാല തുടങ്ങുന്നതിനാവശ്യമായ ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്നും നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രസ്തുത സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരമായി നിശ്ചയിച്ചിട്ടുണ്ട്. ഫണ്ട് കണ്ടെത്തുന്നതിനെപ്പറ്റിയുള്ള ചർച്ചകൾ നടക്കുന്നു. |
| (സി) | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർക്കായി മാത്രം ഏതൊക്കെ പ്രത്യേക കോഴ്സുകളാണ് സിലബസിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | നിഷിൽ ഇപ്പോൾ നടത്തി വരുന്ന ശ്രവണ വൈകല്യമുള്ളവർക്കായുള്ള ബിരുദ കോഴ്സുകൾ കൂടാതെ ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ ന്യൂറോ വൈകല്യങ്ങൾ ഉള്ളവർക്കുള്ള കോഴ്സുകൾ പരിഗണനയിലുണ്ട്. ഇതു കൂടാതെ, 18.10.2019 ൽ ചേർന്ന യോഗത്തിൽ ബിരുദ കോഴ്സുകൾക്ക് ഉപരിയായി disabled മേഖലയിലുള്ള സ്പെഷ്യലൈസ്ഡ് കോഴ്സുകൾ തുടങ്ങുന്നതിന് പ്രാധാന്യം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.